# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4662**

**23-7-2015** ലെ മറുപടിക്ക്

## സഹകരണ നിക്ഷേപ രംഗത്ത് പുതിയ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>,, സണ്ണി ജോസഫ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ നിക്ഷേപ രംഗത്തെ ഉണർവിനായി പ്രത്യേക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ നിക്ഷേപ രംഗത്തെ ഉണർവിനായി 4 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ചു . ഇതു നടപ്പാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. 4 നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ മാത്രമായി ആകെ 18500 കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. സഹകരണ സംഘങ്ങളിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നത് ലക്ഷ്യമിട്ട് നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കി. നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക വഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. |
| സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചത് ; വിശദമാക്കുമോ; | (സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ 2250 സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ നാളിതുവരെ 1773 സംഘങ്ങൾ സ്കീമുമായി സഹകരിച്ചിട്ടുണ്ട്. നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്നതുൾപ്പെടെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകളും സഹകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഇതുവഴി സഹകരണ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്? | ഡി) | നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ മാത്രം 22,525.67 കോടി രൂപ സമാഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരണം എന്നിവയിലൂടെ സഹകരണ മേഖലയിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും കൂടുതൽ വിശ്വാസം ആർജിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷപം ആകർഷിക്കുന്നതിനും നിക്ഷേപ സമാഹരണത്തിൽ സഹകരണ മേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**